ജൂൺ 2015

# കോർപ്പറേറ്റ് ന്യൂസ്

എച്ച്എൽഎൽ വാർത്താപത്രിക

# എച്ച്എൽഎൽ കോർപറേറ്റ് ഹെഡ് ഓഫീസിൽ സാനിറ്ററി നാപ്കിൻ വെൻഡിംഗ് മെഷീൻ

സാനിറ്ററി നാപ്കിനുകൾ ലഭ്യമാക്കി ആരോഗ്യ പരിപാലനത്തിൽ ശുചിത്വം ഉറപ്പുവരുത്തുന്നതിന് എച്ച്എൽഎൽ ലൈഫ്കെയർ ലിമിറ്റഡിന്റെ ഹെഡ് ഓഫീസിൽ വനിതാ ജീവനക്കാർക്കായി സാനിറ്ററി നാപ്കിൻ വെൻഡിംഗ് മെഷീൻ സ്ഥാപിച്ചു. എച്ച്എൽഎല്ലിന്റെ ബെൽഗാമിലെ കൻഗാല ഫാക്ടറിയിൽ നിർമ്മിച്ച 'ഹാപ്പി ഡെയ്സ്' ബ്രാൻഡിലുള്ള നാപ്കിനുകളാണ് വെൻഡിംഗ് മെഷീനിൽ ലഭ്യമാകുക.




സാനിറ്ററി നാപ്കിൻ വെൻഡിംഗ് മെഷീൻ

ആർത്തവ കാലയളവിൽ ശുചിത്വത്തിന്റ അഭാവമുണ്ടെന്നാണ് സർവ്വേകൾ ചൂണ്ടിക്കാട്ടുന്നതെന്നും ശുചിത്വമില്ലായ്മ അണുബാധയ്ക്കും മറ്റു രോഗങ്ങൾ ഉണ്ടാകുന്നതിനുമുള്ള സാധ്യത വർദ്ധിപ്പിക്കുമെന്നും എച്ച്എൽഎൽ സിഎംഡി ഡോ.എം. അയ്യപ്പൻ പറഞ്ഞു. ഇതിനെ സാമൂഹിക പ്രശ്നമായി കണക്കിലെടുത്ത് തരണം ചെയ്യുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമാണിതെന്നും അദ്ദേഹം വ്യക്തമാക്കി.

കോർപ്പറേറ്റ് ഹെഡ് ഓഫീസിലെ ജീവനക്കാരിൽ ഇരുപത്തിയഞ്ചു ശതമാനവും സ്ത്രീകളാണ്. അനായാസ ലഭ്യതക്കായി 25 പാക്കറ്റ് നാപ്കിനുകൾ ഉൾക്കൊള്ളാൻ ശേഷിയുള്ള 'വെൻഡിഗോ' എന്ന രണ്ട് വെൻഡിംഗ് മെഷിനുകളാണ് വനിതകൾക്കുള്ള ശുചിമുറിയിൽ സ്ഥാപിച്ചിരിക്കുന്നത്. മൂന്നു നാപ്കിൻ അടങ്ങിയ പായ്ക്കറ്റാണ് പത്ത് രൂപയ്ക്ക് ലഭിക്കുക. വിപണിയിൽ ലഭ്യമാകുന്ന നാപ്കിനുകളുടെ വിലയേക്കാൾ കുറവാണിത്. ഉപയോഗിച്ച നാപ്കിനുകൾ നിർമാർജ്ജനം ചെയ്യുന്നതിന് ഇൻസിനെറേറ്ററും സ്ഥാപിച്ചിട്ടുണ്ട്. ഒരേ സമയം 25 നാപ്കിനുകൾ ചാരമാക്കാൻ ശേഷിയുള്ളവയാണിവ. ഇത് വിജയകരമാകുന്നതോടുകൂടി എച്ച്എൽഎല്ലിന്റെ മറ്റു ഫാക്ടറികളിലും ഓഫീസുകളിലും വെൻഡിംഗ് മെഷീനുകൾ സ്ഥാപിക്കും.



**പിങ്ക് വനിത ഫോറം, ലൈംഗിക പരാതി പരിഹാര സമിതി തുടങ്ങി സ്ത്രീ ജീവനക്കാരുടെ സുരക്ഷിതത്വത്തിനും കരുതലിനും എച്ച്എൽഎൽ ഏറെ പ്രാധാന്യമാണ് നൽകി വരുന്നത്. നാപ്കിനുകൾക്കായി വെൻഡിംഗ് മെഷീൻ സ്ഥാപിക്കുക വഴി മറ്റ് സ്ഥാപനങ്ങൾക്ക് എച്ച്എൽഎൽ മാതൃകയായിരിക്കയാണ്.**

***– ഡോ. എം അയ്യപ്പൻ***

പിങ്ക് വനിത ഫോറം, ലൈംഗിക പരാതി പരിഹാര സമിതി തുടങ്ങി സ്ത്രീ ജീവനക്കാരുടെ സുരക്ഷിതത്വത്തിനും കരുതലിനും എച്ച്എൽഎൽ ഏറെ പ്രാധാന്യമാണ് നൽകി വരുന്നത്. നാപ്കിനുകൾക്കായി വെൻഡിംഗ് മെഷീൻ സ്ഥാപിക്കുക വഴി മറ്റ് സ്ഥാപനങ്ങൾക്ക് എച്ച്എൽഎൽ മാതൃകയായിരിക്കയാണ്.

എച്ച്എൽഎൽ എച്ച്ആർ വിഭാഗം അസോസിയേറ്റ് വൈസ് പ്രസിഡന്റും ലൈംഗിക പരാതി പരിഹാര സമിതി ചെയർപേഴ്സണുമായ ശ്രീമതി വി. സരസ്വതി ദേവി, ഡെപ്യൂട്ടി ജനറൽ മാനേജരും ലൈംഗിക പരാതി പരിഹാര സമിതി മെമ്പർ സെക്രട്ടറിയുമായ ഡോ. വി.കെ. ജയശ്രീ, പൂജപ്പുര എസ്എംഎസ്എസ് ഹിന്ദു മഹിളാ മന്ദിരം സെക്രട്ടറി ശ്രീമതി എം. ശ്രീകുമാരി എന്നിവരും വെൻഡിംഗ് മെഷീൻ കമ്മീഷൻ ചെയ്ത ചടങ്ങിൽ പങ്കെടുത്തു.



corporate news june 2015.indd 1 6/26/2015 4:30:16 PM

# എച്ച്എൽഎൽ ജനസഞ്ജീവിനി

## ന്യായവില മരുന്ന് വിപണന കേന്ദ്രങ്ങൾ കർണ്ണാടകയിൽ ആരംഭിക്കുന്നു



പൊതുജനങ്ങൾക്ക് ന്യായവിലയിൽ മരുന്നുകൾ ലഭ്യമാക്കുന്ന പദ്ധതിക്ക് കർണ്ണാടകയിൽ എച്ച്എൽഎൽ തുടക്കം കുറിച്ചു. കർണ്ണാടക സർക്കാരുമായി സഹകരിച്ചാണ് പുതിയ സംരംഭം. മരുന്നു ശാലകൾക്ക് പുറമെ രോഗനിർണയ കേന്ദ്രങ്ങൾ കൂടി കർണ്ണാടകയിൽ ഉടനീളം ആരംഭിക്കാനും ധാരണയായിട്ടുണ്ട്. ഇതൊടൊപ്പം എച്ച്എൽഎല്ലുമായി ചേർന്ന് ന്യായമായ നിരക്കിലുള്ള ഡയഗ്നോസ്റ്റിക്ക് സെന്ററുകൾ കൂടി ആരംഭിക്കാനുള്ള ധാരണാപത്രത്തിൽ ഇവർ ഒപ്പുവച്ചു.

ന്യായവില മരുന്ന് വിപണന സൗകര്യങ്ങൾ എളുപ്പത്തിൽ ജനങ്ങളിലേക്ക് എത്തിക്കുവാനായി സംസ്ഥാനത്തെ ആശുപത്രികളിൽ ജനസഞ്ജീവിനി മരുന്നുശാലകളുടെ സ്ഥലവിവര പട്ടികയും പ്രദർശിപ്പിക്കും. ആദ്യ ന്യായവില മരുന്നു ശാല ബാഗ്ലൂർ കെ.ജി ഹോസ്പിറ്റലിലാവും ആരംഭിക്കുക. എല്ലാ വിഭാഗം ജനങ്ങൾക്കും മിതമായ നിരക്കിൽ മരുന്നുകൾ ലഭ്യമാക്കുയാണ് 'ജനസഞ്ജീവിനി' യിലൂടെ



"ആരോഗ്യമുള്ള ജനതയാണ് ഒരു രാജ്യത്തിന്റെ സമ്പത്ത്. നിലവാരമുള്ള മരുന്നുകളും മെഡിക്കൽ സേവനങ്ങളും ഇപ്പോൾ സാധാരണ ജനങ്ങൾക്ക് അപ്രാപ്യമാണ്. വ്യാപാരമായിട്ടല്ല ദൗത്യവും ധർമ്മവുമായിട്ടാണ് എച്ച്എൽഎൽ ഇത്തരം സംരഭങ്ങളെ കാണുന്നത് "

– ഡോ. എം അയ്യപ്പൻ


ലക്ഷ്യമിടുന്നതെന്ന് കർണ്ണാടക ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രി ശ്രീ. യു.ടി ഖാദർ പറഞ്ഞു. എച്ച്എൽഎല്ലുമായി ചേർന്ന് ഡയഗ്നോസ്റ്റിക്ക് സെന്ററുകൾ സ്ഥാപിക്കാനും തീരുമാനിച്ചതായി അദ്ദേഹം അറിയിച്ചു.

"ആരോഗ്യമുള്ള ജനതയാണ് ഒരു രാജ്യത്തിന്റെ സമ്പത്ത്. നിലവാരമുള്ള മരുന്നുകളും മെഡിക്കൽ സേവനങ്ങളും സാധാരണ ജനങ്ങൾക്ക് ഇന്ന് അപ്രാപ്യമാണ്. ഈ സാഹചര്യം മനസ്സിലാക്കിയാണ് മരുന്നു വിപണന സേവനങ്ങൾ, രോഗനിർണയ സേവനങ്ങൾ എന്നിവ വ്യാപിപ്പിക്കാൻ എച്ച്എൽഎൽ മുൻകൈയെടുത്തത്. വ്യാപാരമായിട്ടല്ല എച്ച്എൽഎൽ ഇത്തരം സംരഭങ്ങളെ കാണുന്നത്. ഇത് ഞങ്ങളുടെ ദൗത്യവും ധർമ്മവുമാണ് " സിഎംഡി ഡോ.എം അയ്യപ്പൻ പറഞ്ഞു.ആയിരത്തിലധികം മരുന്നുകൾ 60 ശതമാനം മുതൽ 80 ശതമാനം വരെ വിലക്കുറവിൽ ഇവിടെ ലഭ്യമാക്കും.



corporate news june 2015.indd 2 6/26/2015 4:30:16 PM

# വിജ്ഞാനപ്രദമായ വീഡിയോ ശേഖരവുമായി
# എച്ച്എൽഎൽ വെബിനാർ




സിഎംഡി ഡോ. എം അയ്യപ്പന്റെ എച്ച്എൽഎൽ വാർഷിക സമ്മേളനത്തിലെ മുഖ്യ പ്രഭാഷണം, തിങ്ക് ടാങ്ക് പ്രഭാഷണ പരമ്പരയിൽ വിവിധ മേഖലയിലുള്ള പ്രതിഭകൾ നടത്തിയ ക്ലാസുകൾ, എന്നിവയുടെ വീഡിയോകൾ ഇപ്പോൾ ഓൺലൈനിൽ. എച്ച്എൽഎൽ വെബിനാറിലൂടെ യാണ് വീഡിയോകൾ കാണാൻ സാധിക്കുന്നത്. വെബ്സൈറ്റുകളിലൂടെ സെമിനാർ വീഡിയോകൾ സംപ്രേഷണം ചെയ്യുന്ന രീതിയാണ് വെബിനാർ. ജനുവരി 5, 2015 ന് കോർപ്പറേറ്റ് ഹെഡ് ഓഫീസിൽ സിഎംഡി ഡോ. എം അയ്യപ്പനാണ് എച്ച്എൽഎൽ വെബിനാർ ഉദ്ഘാടനം ചെയ്തത്. എല്ലാ മാസവും ഒന്നാം തിയ്യതി നടക്കുന്ന എച്ച്എൽഎൽ തിങ്ക് ടാങ്ക് ലക്ചർ സീരീസിലെ പ്രഗത്ഭന്മാരുടെ മികച്ച പ്രഭാഷണങ്ങൾ വെബിനാറിലൂടെ കാണാൻ സാധിക്കും. എച്ച്എൽഎല്ലിന്റെ ഔദ്യോഗിക യൂട്യൂബ് ചാനലായ 'ചാനൽ എച്ച്എൽഎൽ' ന്റെ ഭാഗമാണ് വെബിനാറും. എച്ച്എൽഎൽ വെബിനാറിലെ വീഡിയോകൾ ഓൺലൈനിൽ കാണുന്നതിനായി youtube.com/channelhll അല്ലെങ്കിൽ യൂട്യൂബിൽ 'ചാനൽ എച്ച്എൽ എൽ' എന്ന് സെർച്ച് ചെയ്താലും മതിയാകും. മാധവൻ ചന്ദ്രദത്തൻ (ഐ എസ് ആർ ഒ), ജി.വിജയരാഘവൻ (സിഇഒ, ടെക്നോപാർക്ക്), ഡോ.എ.വി ജോസ്, പി വിജയൻ ഐപിഎസ്, ടിപി ശ്രീനിവാസൻ (മുൻ ഇന്ത്യൻ അംബാസഡർ), ഗൗരീദാസൻ നായർ (ബ്യൂറോ ചീഫ്, ഹിന്ദു), ജി. ശങ്കർ  (ഹാബിറ്റാറ്റ് ടെക്നോളജി), എന്നിവർ ഉൾപ്പടെയുള്ളവരുടെ പ്രഭാഷണങ്ങൾ വെബിനാറിൽ സംപ്രേഷണം  ചെയ്തതിട്ടുണ്ട്. കണക്കുകൾ പ്രകാരം ലോകത്തിലെ 40% ജനങ്ങൾ ഇന്റർനെറ്റ് ഉപയോഗിക്കുന്നവരാണ്. ഇന്ത്യയിൽ 354 ദശലക്ഷം ജനങ്ങളാണ് ഇന്റർനെറ്റിനെ ആശ്രയിക്കുന്നത്. സോഷ്യൽമീഡിയ മാധ്യമലോകത്തിന്റെ അതിർ വരമ്പുകൾ ഭേദിച്ച് മുന്നേറുന്ന ഈ കാലഘട്ടത്തിൽ സോഷ്യൽ മീഡിയയിൽ എച്ച്എൽഎല്ലിന്റെ സാന്നിധ്യം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമയിട്ടാണ് വെബിനാർ തുടങ്ങിയത്. എച്ച്എൽഎല്ലിന്റെ ഫേസ്ബുക്ക് പേജിനും, യൂട്യൂബ് ചാനലിനും പ്രചാരമേറി വരികയാണ്. എച്ച്എൽഎൽ കോർപറേറ്റ് കമ്മ്യൂണിക്കേഷൻ വിഭാഗമാണ് വെബിനാർ കൈകാര്യം ചെയ്യുന്നത്.






*എച്ച്എൽഎൽ ഫേസ്ബുക്ക് പേജിന്റെ ഔദ്യോഗിക ലിങ്ക് താഴെ കൊടുക്കുന്നു.*
www.facebook.com/lifecarehll


corporate news june 2015.indd 3
6/26/2015 4:30:17 PM

# എച്ച്ബിഎൽ രാജ്യാന്തര യോഗ ദിനം ആഘോഷിച്ചു



രാജ്യാന്തര യോഗ ദിനാഘോഷത്തിന്റെ ഭാഗമായി എച്ച്ബിഎല്ലിൽ ജൂൺ 5 ന് യോഗദിന പരിപാടി ആഘോഷിച്ചു.സാമൂഹ്യസേവന സംഘടയായ ഇഷ ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ ജീവനക്കാർക്ക് യോഗയുടെ പ്രാരംഭ പരിശീലനം നൽകി. സദ്ഗുരു ജഗ്ഗി വാസുദേവിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഇഷ ഫൗണ്ടേഷനാണ് യോഗ പരിശീലനം നൽകിയത് ജീവനക്കാരുടെ മാനസിക ആരോഗ്യവും, ശാരിരിക ശേഷിയും വർധിപ്പിക്കാനും കുടാതെ ക്ഷീണം, ഉത്കണ്ഠ, എന്നിവ മാറ്റാനും യോഗ പരിശീലനം വഴിയൊരുക്കുമെന്ന് എച്ച്എൽഎൽ സിഎം ഡി ഡോ. എം അയ്യപ്പൻ പറഞ്ഞു. ജീവനക്കാരിൽ ക്രിയാത്മകത വളർത്തി ഉത്പാദനവും കാര്യക്ഷമതയും വർധിപ്പിക്കാനും, തൊഴിൽ സംബന്ധിയായ പ്രശ്നങ്ങൾ പരിഹരിച്ച് തൊഴിലിടങ്ങളിൽ ഉന്മേഷ പൂർണ്ണമായ അന്തരീക്ഷം നിലനിർത്താനും ഇത് സഹായിക്കുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

യോഗയിലെ തുടക്കക്കാർക്കായി സൂര്യനമസ്ക്കാരം, പ്രാണായാമം, മെഡിറ്റേഷൻ എന്നിവയാണ് പരിശീലിപ്പിച്ചത്. ജൂൺ 21ന് രാജ്യാന്തര യോഗ ദിനമായി ആഘോഷിക്കുന്നതിന് 177 രാജ്യങ്ങളുടെ പിന്തുണയോടുകൂടി യു എൻ പ്രമേയം അംഗീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഇന്ത്യയിലുടനീളം യോഗ ദിന പരിപാടികൾ വ്യാപിപ്പിക്കാൻ പ്രധാനമന്ത്രി നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽനിന്നും ആർജവമുൾക്കൊണ്ടാണ് എച്ച്ബി എല്ലിൽ യോഗദിന പരിപാടി സംഘടിപ്പിച്ചത്.




രാജ്യാന്തര യോഗ ദിനാഘോഷത്തിന്റെ ഭാഗമായി എച്ച് ബി എല്ലിൽ ജൂൺ 5 ന് നടന്ന യോഗ ദിന പരിപാടി.

## ഒററനോട്ടത്തിൽ



ഗുരു ഗോപിനാഥ് നടനഗ്രാമത്തിലെ വിദ്യാർത്ഥിൾക്കായി മെയ് 29ന് സംഘടപ്പിച്ച അവധിക്കാല ക്യാംപിൽ സിഎംഡി ഡോ. എം അയ്യപ്പൻ കുട്ടികളോട് സംസാരിക്കുന്നു.



മെയ് 2 ന് നടന്ന തിങ്ക്ടാങ്ക് ലക്ചർ സീരീസിൽ ഡോ. എ.വി ജോസ് ക്ലാസെടുക്കുന്നു.



മദ്യാസക്തിയും ആരോഗ്യപ്രശ്നങ്ങളും' എന്ന വിഷയത്തിൽ മെയ് 21 ന് പേരൂർക്കട ഫാക്ടറിയിൽ ഡോ. കേണൽ കെ.ഇ രാജൻ ക്ലാസെടുക്കുന്നു.




മെയ് 15ന് പേരൂർക്കട ഫാക്റിയിൽ നടന്ന ഹിത പരിശോധനയിൽ ജീവനക്കാർ വോട്ട് രേഖപ്പെടുത്തുന്നു.



corporate news june 2015.indd 4 6/26/2015 4:30:22 PM